LIBRARY ARCHIVES Kerala Legislative Assembly

കടുത്തുരുത്തി, കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടനിർമ്മാണം

48 (394) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ഇതുസംബന്ധിച്ച് നിലവിൽ ഫയൽ വൈദ്യുതി വകുപ്പിന് കീഴിൽ ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ നമ്പർ നൽകുമോ ;

(ബി) കുറവിലങ്ങാട് സെക്ഷൻ ഓഫീസ് നിർമ്മാണം സംബന്ധിച്ച് കെ.എസ്.ഇ.ബി.-യുടെ കീഴിൽ നിലവിൽ പ്രൊപ്പോസൽ ഉണ്ടോ ; ഇതു സംബന്ധിച്ച് ബോർഡിന്റെ പരിഗണനയിലുള്ള ഫയലിൽ എന്തു തീരുമാനമെടുത്തു ; ആയതിന്റെ ഫയൽ നമ്പർ നൽകുമോ ?

ഉത്തരം

(എ) നിർമ്മാണ മേഖലയിലെ പുതിയ സാങ്കേതിക വിദ്യയായ Pre fab Technology ഉപയോഗിച്ച് കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നതിനായി കേരള ഇലക്ട്രിസിറ്റി ബോർഡ് M/s. ACME & M/s. LEE Builders എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയും അവരിൽനിന്നും കൺസൂക്ഷ്മതയുള്ള ഓഫർ വാങ്ങുകയും ചെയ്തു. എന്നാൽ അവർ നൽകിയ ഓഫർ പ്രൈസ് കൂടുതൽ ആണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഊർജ്ജ വകുപ്പിൽ നിലവിൽ ഫയലുകൾ ഇല്ല.

(ബി) ഉണ്ട്. മേനംകുളത്തെ നാഷണൽ ഗെയിംസ് വില്ലേജിലെ കെട്ടിടങ്ങൾ പൊളിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷനുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച ലിസ്റ്റിൽ കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫയൽ നമ്പർ CE/Civil Design/Pre fab/ 2014-15.

തലക്കുളത്തൂർ ട്രാൻസ്ഫോർമർ നിർമ്മാണം

49 (395) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ അണ്ടിക്കോട് അന്നശ്ശേരി റോഡിൽ പഞ്ചായത്ത് കുളത്തിന് സമീപം പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി 650 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്.